(എഫ്) ആവശ്യാനുസരണമാണ് ടിക്കറ്റുകൾ അച്ചടിക്കുന്നത് എന്നാൽ 16-12-2004-ന് മുൻപ് വരെ അച്ചടിച്ച എല്ലാ ടിക്കറ്റുകളും വിറ്റഴിയുന്ന സ്ഥിതിയാണ് നിലനിന്നിരുന്നത്. വില്പന നികുതി അടച്ച അന്യസംസ്ഥാന ലോട്ടറികൾക്കെതിരെ നടപടികൾ എടുക്കുന്നത് 16-12-2004-ലെ ഉത്തരവു മൂലം ബഹുമാനപ്പെട്ട ഹൈക്കോടതി തടഞ്ഞിരുന്നു. ആയതിനാൽ സംസ്ഥാന ഭാഗ്യക്കുറിയുടെ വില്പനയിൽ അല്പം കുറവ് സംഭവിക്കുകയും കുറച്ചു ടിക്കറ്റുകൾ വില്പന നടത്താതെ അവശേഷിക്കുകയും ചെയ്തു. ഏറ്റവും അവസാനം നടത്തിയ നറുക്കെടുപ്പിന്റെ അച്ചടിച്ച ടിക്കറ്റുകളുടേയും വില്പന നടത്തിയ ടിക്കറ്റുകളുടേയും വിശദ വിവരം ചുവടെ ചേർക്കുന്നു:

ഭാഗ്യക്കുറിയുടെ പേര്	അച്ചടിച്ച ടിക്കറ്റിന്റെ എണ്ണം	വിറ്റഴിഞ്ഞ ടിക്കറ്റിന്റെ എണ്ണം
പെരിയാർ (പി.718)	13,50,000	10,51,025
സൗഭാഗ്യ(എസ്.494)	12,75,000	9,82,200
ചൈതന്യ(സി.63)	12,00,000	9,49,875
കൈരളി(കെ.1182)	9,00,000	4,75,425

(ജി) ലോട്ടറി നിരോധനത്തെ തുടർന്ന് ടിക്കറ്റ് വില്ക്കുകയും നറുക്കെടുപ്പ് നടത്താൻ കഴിയാതെ വന്നതുമായ ഭാഗ്യക്കുറികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

പെരിയാർ (പി.719) (പി.720)	6,67,400
	475
സൗഭാഗ്യ (എസ്.495) (എസ്.496)	8,59,675
	1,84,175
ചൈതന്യ (സി.64) (സി.65)	8,94,575
	3,09,450
കൈരളി (കെ.1183) (കെ.1184)	3,67,350
	1,45,075

(എച്ച്) വിവിധ ലോട്ടറികളിലായി, 216 ലക്ഷം ടിക്കറ്റുകൾ അച്ചടിച്ച് സ്റ്റോക്ക് ചെയ്തിരുന്നു. അച്ചടി ഇനത്തിൽ 34,15,500 രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്.

ഭാഗ്യക്കുറി നിരോധനത്തിലൂടെ തൊഴിൽ നഷ്ടപ്പെട്ടവരെ സഹായിക്കാൻ നടപടി

9 (975) ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാഗ്യക്കുറി നിരോധനത്തിലൂടെ സംസ്ഥാനത്ത് എത്രപേർക്ക് തൊഴിൽ നഷ്ടപ്പെട്ടു എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് എത്ര പേരാണ് ലോട്ടറി വില്പന ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) എത്ര കുടുംബാംഗങ്ങളാണ് ഭാഗ്യക്കുറി മേഖലയെ ആശ്രയിച്ച് കഴിഞ്ഞിരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഭാഗ്യക്കുറി നിരോധനംമൂലം ജോലി നഷ്ടപ്പെട്ടവരെ സഹായിക്കാനായി സർക്കാർ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) 1292 പേർ.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഈ മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ട സാധുക്കളും ശാരീരിക വൈകല്യമുള്ളതുമായവർക്ക് പുതിയ തൊഴിൽ കണ്ടെത്തുന്നതിന് 10,000 രൂപ ഗ്രാന്റും 40,000 രൂപ വായ്പയും നൽകുന്ന ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്. 20 കോടി രൂപ ഇതിനുവേണ്ടി വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ പരിഗണനയിലാണ്.

ഭാഗ്യക്കുറി സമ്മാന വിതരണം

10 (976) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. പി. നാരായണൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനത്തുക വിതരണവുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

സമ്മാന വിതരണവുമായി ബന്ധപ്പെട്ട് 10 കേസ്സുകൾ നിലവിലുണ്ട്. ഇതിൽ 5 എണ്ണം അന്യസംസ്ഥാനങ്ങളിൽ നിന്നും സമ്മാന ടിക്കറ്റുകൾ ഹാജരാക്കിയതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പാകെയുള്ളതാണ്. 2 കേസുകൾ സമ്മാന ടിക്കറ്റിന്റെ അവകാശ തർക്കവുമായി ബന്ധപ്പെട്ട് കോട്ടയം സബ് കോടതിയിലും നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിലും നിലവിലുള്ളതാണ് 3 കേസുകൾ സമ്മാന വിതരണവുമായി ബന്ധപ്പെട്ട് കണ്ണൂർ ഉപഭോക്തൃഫോറത്തിലും സുൽത്താൻ ബത്തേരി സബ് കോടതിയിലും മുൻസിഫ് കോടതിയിലും നിലവിലുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly